LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ഭൂമിയിൽ മരം വച്ച് പിടിപ്പിക്കൽ

19 (*319) ശ്രീ. സണ്ണി ജോസഫ് :

,, ഷാഫി പറമ്പിൽ :

,, ആർ. സെൽവരാജ് :

,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരം വച്ച് പിടിപ്പിക്കുന്നതിന് വനം വകുപ്പ് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17-2-2012-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർ.റ്റി.) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(ബി) സ്വകാര്യ ഭൂമിയിലെ ശോഷിച്ചുവരുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനോടൊപ്പം, വൃക്ഷാവരണം, തടിയുൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുകയും സർവ്വ സാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ

സ്വയം പര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക, വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷിക വൃത്തിയാക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ കൈവശസ്ഥലങ്ങളെ ഹരിതാഭമാക്കുക, ജൈവ വൈവിധ്യം പരിപോഷിപ്പിക്കുക, ആവാസ വ്യവസ്ഥാ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) 2012 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച് ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും അപേക്ഷയും ജനപ്രതിനിധികളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശിപാർശകളോടെ ജില്ലാതല കമ്മിറ്റിക്ക് നൽകുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി അപേക്ഷകന് തുക നൽകുകയും ചെയ്യുന്നു. 2012 മുതൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	തെരഞ്ഞെടുത്ത അപേക്ഷകൾ (എണ്ണം)	വിതരണം ചെയ്ത തുക
2012-13	323	13,30,980 രൂപ
2013-14	238	8,47,493 രൂപ
2014-15	446	10,85,635 രൂപ

LIBRARY ARCHIVES Kerala Legislative Assembly